## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2987** **22.02.2016 ൽ മറുപടിയ്ക്ക്**

# കർഷകരുടെ ഉത്പന്നങ്ങൾ നേരിട്ട് വിൽക്കാനുള്ള സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ടി.എൻ. പ്രതാപൻ :<br>ശ്രീ. ആർ.സെൽവരാജ് :<br>ശ്രീ. പി.സി. വിഷ്ണുനാഥ് :<br>ശ്രീ. ലൂഡി ലൂയിസ് : | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കർഷകരിൽ നിന്ന് ഉത്പന്നങ്ങൾ നേരിട്ട് സംഭരിച്ച് ഇടനിലക്കാരുടെ ചൂഷണമില്ലാതെ വിറ്റഴിക്കാനുള്ള സംവിധാനങ്ങൾക്ക് എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ; | (എ) കൃഷി വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 6 കാർഷിക മൊത്ത വ്യാപാര വിപണികളായ ആനയറ, മരട്, വേങ്ങേരി, നെടുമങ്ങാട്, മൂവാറ്റുപുഴ, സുൽത്താൻബത്തേരി എന്നിവിടങ്ങളിലും, 5 ജില്ലാ സംഭരണ വിപണന കേന്ദ്രങ്ങളിലും (കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി, തൃശ്ശൂർ) കർഷകർക്ക് നേരിട്ട് തങ്ങളുടെ ഉല്പന്നങ്ങൾ കൊണ്ടുവന്ന് ഇടനിലക്കാരുടെ ചൂഷണമില്ലാതെ വിറ്റഴിക്കുവാനുള്ള സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. ഇവിടെ കർഷകർക്ക് തങ്ങളുടെ ഉല്പന്നങ്ങൾ നേരിട്ട് കൊണ്ടുവന്ന് ലേലം ചെയ്ത് മികച്ച വില നേടിയെടുക്കുവാൻ സാധിക്കുന്നുണ്ട്.<br>കൂടാതെ പച്ചക്കറി വികസന പദ്ധതി പ്രകാരം ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് സമിതികൾ ആരംഭിച്ചിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട 10 പച്ചക്കറി ക്ലസ്റ്റർ ചേർന്നാണ് ഈ സമിതികൾ രൂപീകരിക്കുന്നത്. പ്രസ്തുത ക്ലസ്റ്ററുകളിലെ പച്ചക്കറി കർഷകരിൽ നിന്നും പച്ചക്കറികൾ സംഭരിച്ച് വിപണിയിൽ എത്തിക്കുകയും കർഷകർക്ക് അപ്പോൾ തന്നെ വില നൽകുകയും ചെയ്യുന്നു. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | (ബി) കർഷകരുടെ ഉല്പന്നങ്ങൾക്ക് വിപണന സാദ്ധ്യതകൾ വർദ്ധിപ്പിക്കുവാനും, ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും കർഷകരെ ഒഴിവാക്കിക്കൊണ്ട് മെച്ചപ്പെട്ട വില നേടിയെടുക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്. സംസ്ഥാനത്ത് |

ഉല്പാദിപ്പിക്കുന്ന പച്ചക്കറികളും മറ്റ് കാർഷികോല്പന്നങ്ങളും അതത് സമയങ്ങളിൽ തന്നെ വിപണനം ചെയ്യുവാനും മികച്ച വില നേടിയെടുക്കുവാനും സാധിക്കുന്നു. ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുന്നതോടൊപ്പം കൂടുതൽ കൃഷി ചെയ്യുവാൻ പ്രോത്സാഹനം നൽകുന്നതിനും, അതുവഴി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും വിപണന സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും ഇതുമൂലം സാധിക്കുന്നു.

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(സി) കാർഷിക മൊത്തവ്യാപാര വിപണികളുടെ ശാക്തീകരണത്തിനായി മാർക്കറ്റ് വികസന പദ്ധതി പ്രകാരം ട്രാൻസ്പോർട്ട് സബ്സിഡി, ലേലം നടത്തുന്നതിനുള്ള സഹായം അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സാമ്പത്തിക സഹായം എന്നിവ അനുവദിക്കുന്നുണ്ട്. ജില്ലാ സംഭരണ വിപണന കേന്ദ്രങ്ങളുടെ പ്രവർത്തനത്തിനുള്ള ചെലവും കർഷകർക്ക് ട്രാൻസ്പോർട്ട് സബ്സിഡിയും അനുവദിക്കുന്നുണ്ട്.

പച്ചക്കറി വികസന പദ്ധതി പ്രകാരം ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് സമിതികൾ രൂപീകരിക്കുന്നതിനും വിപണനം നടത്തുന്നതിനുമായി റിവോൾവിംഗ് ഫണ്ടും കർഷകരുടെ ഉല്പന്നങ്ങൾ ലേല കേന്ദ്രങ്ങളിൽ എത്തിക്കുന്നതിന് ട്രാൻസ്പോർട്ട് സബ്സിഡിയും, കാര്യക്ഷമമായി പ്രവർത്തിക്കുന്ന സമിതികൾക്ക് പ്രവർത്തന സഹായവും പദ്ധതി പ്രകാരം നൽകുന്നുണ്ട്.

സെക്ഷൻ ഓഫീസർ